"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

<u>സംഗ്രഹം</u>

പരേതനായ ജി. കൃഷ്ണന്റെ (പി.പി.ഒ. നമ്പർ-12260301) 2026 ഏപ്രിൽ മുതൽ 2026 ജൂൺ വരെയുള്ള കാലയളവിലെ പെൻഷൻ കുടിശ്ശിക ജീവകാല കുടിശ്ശികയായി അനുവദിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (പെൻഷൻ-ബി) വകുപ്പ്

G.O.(Rt)No.8215/2026/FIN തീയതി,തിരുവനന്തപുരം, 28-10-2026

പരാമർശം:- ട്രഷറി ഡയറക്ടറുടെ 19.09.2026-ലെ TRY/4369/2026-P1 നമ്പർ കത്ത്.

<u>ഉത്തരവ്</u>

തിരുവനന്തപുരം ജില്ലാ ട്രഷറി മുഖേന പി.പി.ഒ. നമ്പർ 12260301 പ്രകാരം സർവീസ് പെൻഷൻ കൈപ്പറ്റി വന്നിരുന്ന ശ്രീ. ജി. കൃഷ്ണൻ 01.06.2026-ന് മരണപ്പെടുകയുണ്ടായി.ടിയാൻ 10.03.2025-ന് അവസാനമായി മസ്റ്ററിങ് നടത്തിയതായും 2026 മാർച്ച് മാസത്തിൽ അടുത്ത മസ്റ്ററിങ് നടത്തേണ്ടിയിരുന്നെങ്കിലും, അസുഖബാധിതനായി ചികിത്സയിലായിരുന്നതിനാൽ യഥാസമയം മസ്റ്ററിങ് പൂർത്തിയാക്കുവാൻ സാധിച്ചില്ലെന്നും ആയതിനാൽ 2026 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ പെൻഷൻ തടഞ്ഞുവെക്കപ്പെടുകയാണുണ്ടായതെന്നും പരാമർശം പ്രകാരം ട്രഷറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. മസ്റ്ററിങ് നടത്താത്ത കാരണത്താൽ തടഞ്ഞുവെച്ച 2026 ഏപ്രിൽ മുതൽ 2026 ജൂൺ വരെയുള്ള പെൻഷൻ കുടിശ്ശിക ജീവകാല കുടിശ്ശികയായി അനുവദിക്കണമെന്ന് കാണിച്ച് പരേതന്റെ ഭാര്യയും പെൻഷൻ രേഖകളിലെ നോമിനിയുമായ ശ്രീമതി. ജയശ്രീ ടി. എ. അപേക്ഷയും ചികിത്സാ രേഖകളും സമർപ്പിക്കുകയുണ്ടായെന്നും, 2026 ഏപ്രിൽ മുതൽ 2026 ജൂൺ വരെയുള്ള മാസങ്ങളിലെ മെഡിസെപ് വിഹിതം കുറവ് ചെയ്തുകൊണ്ടുള്ള പെൻഷൻ കുടിശ്ശിക തുക ₹3,41,193/- (മൂന്ന് ലക്ഷത്തി നാല്പത്തിയൊന്നായിരത്തി ഒരുനൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപ മാത്രം) ആണെന്നും ട്രഷറി ഡയറക്ടർ പരാമർശം പ്രകാരം അറിയിച്ചിട്ടുള്ളതാണ്.

2. സമർപ്പിക്കപ്പെട്ട ചികിത്സാ രേഖകൾ പരിശോധിച്ചതിൽ, ടിയാൻ മംഗലാപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജിയിൽ അർബുദ രോഗത്തിന് (Advanced Malignancy Carcinoma Rectum with Liver and Brain Metastasis) തുടർ ചികിത്സയിലും റേഡിയേഷൻ തെറാപ്പിയിലുമായിരുന്നുവെന്നും, മസ്റ്ററിങ് ചെയ്യേണ്ടിയിരുന്ന കാലയളവിലും രോഗബാധിതനായി അതീവ ഗുരുതരാവസ്ഥയിലായിരുന്നുവെന്നും തുടർന്ന് 01.06.2026-ന് മരണപ്പെട്ടുവെന്നും വ്യക്തമായിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ. ജി. കൃഷ്ണന്റെ ഗുരുതരമായ ആരോഗ്യസ്ഥിതിയും മരണവും കണക്കിലെടുത്ത്, മസ്റ്ററിങ് നടത്താത്ത കാരണത്താൽ തടഞ്ഞുവെച്ചിരുന്ന 2026 ഏപ്രിൽ മുതൽ 2026 ജൂൺ വരെയുള്ള മാസങ്ങളിലെ മെഡിസെപ് വിഹിതം കുറവ് ചെയ്തുകൊണ്ടുള്ള പെൻഷൻ കുടിശ്ശിക തുകയായ ₹3,41,193/- (മൂന്ന് ലക്ഷത്തി നാല്പത്തിയൊന്നായിരത്തി ഒരുന്നൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപ മാത്രം) പരേതന്റെ ഭാര്യയും നോമിനിയുമായ ശ്രീമതി. ജയശ്രീ ടി.എ.-യ്ക്ക് ജീവകാല കുടിശ്ശികയായി 2026 നവംബർ മാസം മുതൽ നാല് തുല്യ ഗഡുക്കളായി പ്രതിമാസ കുടുംബപെൻഷനോടൊപ്പം വിതരണം ചെയ്യുന്നതിന് ട്രഷറി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു. അനുവദിക്കുന്ന തുകയുടെ കൃത്യത ട്രഷറി ഡയറക്ടർ പൂർണ്ണമായും പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYASANKAR K G

ADDITIONAL SECRETARY

പകർപ്പ്:

1.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) ,കേരളം ,തിരുവനന്തപുരം

2.അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് -II) ,കേരളം ,തിരുവനന്തപുരം

3.ഡയറക്ടർ ,ട്രഷറി ഡയറക്ടറേറ്റ്,പട്ടം,പട്ടം പാലസ് പി.ഓ ,തിരുവനന്തപുരം

4.ശ്രീമതി. ജയശ്രീ ടി.എ., TC 43/1535(2), എം.എൽ.എ റോഡ്, കമലേശ്വരം,തിരുവനന്തപുരം - 695008.

5.നോഡൽ ഓഫീസർ www.finance.kerala.gov.in

6.സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (ഇ-3638518)

ഉത്തരവിൻ പ്രകാരം

Digitally signed by
Sujeev S J
Date: 28-10-2026
11:48:34

സെക്ഷൻ ഓഫീസർ